**ഭരണഭാഷ-മാതൃഭാഷ**

ICDS/B3-575/19

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 01-02-2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - അമൃതം ന്യൂട്രിമിക്സ് - സാമ്പിൾ പരിശോധന - ലാബ് പരിശോധന - ഫീസ് വർദ്ധിപ്പിച്ചത് - സംബന്ധിച്ച്.

സൂചന : കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 26-11-2019, 07-01-2020 എന്നീ തീയതികളിലെ No.21(14)QCL/2019-2020/FN നമ്പർ കത്ത്.

അങ്കണവാടികളിൽ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തു വരുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിൾ പരിശോധനയ്ക്കുള്ള നിരക്ക് 250/-രൂപയിൽ നിന്നും 1,121/-രൂപയായി 01-12-2019 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ചിട്ടുള്ളതായി സൂചന പ്രകാരം കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റിൽ നിന്നും ലഭ്യമാകുന്ന ന്യൂട്രമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

1) ന്യൂട്രിമിക്സ് യൂണിറ്റുകൾ സാമ്പിൾ സമർപ്പിക്കുന്നതിനൊപ്പം 1,121/-രൂപയുടെ ഡി.ഡി. ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2) ന്യൂട്രമിക്സ് സാമ്പിൾ ലഭിക്കുന്ന അതേ തീയതിയിൽ Assistant Accounts Officer, Ministry of Women and Child Development, Chennai എന്ന മേൽ വിലാസത്തിൽ 11,21/-രൂപയുടെ Demand Draft സഹിതം The Deputy Technical Adviser, Southern Region, Food and Nutrition Board, 26 Haddows Road,Nungambakkam, Chennai-600 006 എന്ന മേൽ വിലാസത്തിൽ പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ്.

3) ന്യൂട്രമിക്സ് സാമ്പിളുകൾ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും കൃത്യമായി പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ടെന്ന് എല്ലാ പ്രോഗ്രാം ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർമാർക്ക്

പകർപ്പ് :

1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ( ആമുഖ കത്ത് സഹിതം).
2) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
3) എല്ലാ സൂപ്പർവൈസർമാർക്കും.
4) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
5) സ്റ്റോക്ക് ഫയൽ/സ്പെയർ

ജികെ/